12. ചേർത്തല അർത്തുങ്കൽ ഫിഷറീസ് ഹാർബറിന്റെ നിർമ്മാണം

ശ്രീ. പി. തിലോത്തമൻ : സർ, ചേർത്തലയിലെ തീരപ്രദേശത്തെ ജനങ്ങളുടെ ദീർഘനാളുകളായുള്ള ഒരു ആവശ്യമാണ് അർത്തുങ്കൽ ഫിഷറീസ് ഹാർബർ ഈ ഗവൺമെന്റ് വന്നതിനുശേഷം ഹാർബറിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് സുനാമി പുനരധിവാസ പദ്ധതിയിൽ നിന്ന് 5 കോടി രൂപ ചെലവഴിച്ചുകൊണ്ട് ഹാർബറിന്റെ രണ്ടാം ഘട്ട പ്രവർത്തനം നടത്തുകയുണ്ടായി. ഇതിന്റെ നിർമ്മാണ പ്രവർത്തനം കഴിഞ്ഞിട്ട് രണ്ട് വർഷത്തോളമായി. പിന്നീട് ഇതുവരെ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. രണ്ടാംഘട്ട പ്രവർത്തനത്തിന് തടസ്സമായി പറയുന്നത് പരിസ്ഥിതി റിപ്പോർട്ട് ലഭിച്ചിട്ടില്ല എന്നാണ്. ഇത് മത്സ്യത്തൊഴിലാളികളിലും പൊതുവേ ജനങ്ങൾക്കിടയിലും കടുത്ത ആശങ്കയും നിരാശയും സൃഷ്ടിച്ചിരിക്കുകയാണ്. ഹാർബറിന്റെ പൂർത്തീകരണത്തിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ആലപ്പുഴ ജില്ലയുടെ തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികളാണ് കൂടുതൽ അധിവസിക്കുന്നത്. അതുസംബന്ധമായി അവിടെ സുരക്ഷിതമായി ലാന്റ് ചെയ്യുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വളരെ കുറവായിരുന്നു. കായംകുളത്തിന് പുറമെ തോട്ടപ്പള്ളിയിൽ മാത്രമാണ് ഒരു ചെറിയ ഫിഷിംഗ് ഹാർബർ അന്ന് പദ്ധതിയിൽ ഉണ്ടായിരുന്നത്. അതും പൂർത്തിയായിരുന്നില്ല. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കണക്കിലെടുത്ത് 5 കോടി രൂപ മുതൽമുടക്കി ചേർത്തല നിയോജക മണ്ഡലത്തിലെ അർത്തുങ്കലിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് സുനാമി പുനരധിവാസ പദ്ധതിയിൽ ഭരണാനുമതി നൽകി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 140 മീറ്റർ വീതം നീളമുള്ള രണ്ട് പുലിമുട്ടുകൾ ഓൾഡ് ബ്ലോക്ക് അടക്കമുള്ള പരിമിതമായ സൗകര്യങ്ങൾ ആ സ്കീമിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഹാർബറിന്റെ രണ്ടാം ഘട്ട വികസനത്തിനായി 47.49 കോടി രൂപയുടെ രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പുലിമുട്ടുകളുടെ നീളം കൂട്ടാൻ 100 മീറ്റർ നീളത്തിലുള്ള വാർഫ്, ലേല ഹാൾ എന്നിവ രണ്ടാം ഘട്ടത്തിലെ പ്രധാന ഘടകങ്ങളാണ്. എന്നാൽ ഇതിന്റെ അംഗീകാരം കേന്ദ്ര കൃഷിമന്ത്രി കാര്യാലയത്തിൽ നിന്ന് ലഭ്യമായിട്ടില്ല. അതിനുമുമ്പ് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരവും നൽകേണ്ടതായിട്ടുണ്ട്. അതും കിട്ടിയിട്ടില്ല. ഇതിനാവശ്യമായ നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം നേടിയശേഷം കേന്ദ്ര കൃഷിമന്ത്രാലയത്തിൽ നിന്ന് 75 ശതമാനം കേന്ദ്ര സഹായ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ചാൽ മാത്രമേ ഹാർബർ നിർമ്മാണം ആരംഭിക്കാൻ കഴിയുകയുള്ളൂ. അംഗീകാരം ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ എല്ലാവിധ കഠിന പരിശ്രമങ്ങളും നടത്തിവരികയാണ്.

13. കാട്ടാനശല്യം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, കല്പറ്റ മണ്ഡലത്തിലെ പല പ്രദേശങ്ങളും കഴിഞ്ഞ കുറെക്കാലമായി കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ രൂക്ഷമായ ആക്രമണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly